ഉത്തരം

(എ) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്ത കേസുകളിൽ 24,58,61,594 (ഇരുപത്തിനാല് കോടി അൻപത്തിയെട്ട് ലക്ഷത്തി അറുപത്തിയോട്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി നാല്) രൂപയുടെ പണമിടപാട് നടന്നിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടുന്നത്.

(ബി) ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെട്ട 7 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇവരിൽ കേസുകളിലുൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും വകുപ്പുതല ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ഓപ്പറേഷൻ കുബേര പ്രകാരം കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

217 (3851) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര പ്രകാരം കൊല്ലം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് : പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ചവറ ജനമൈത്രി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1166/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ തൊണ്ടിമുതലുകളുടെ വിശദവിവരം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസിലെ തൊണ്ടിമുതൽ പോലീസ് ഉദ്യോഗസ്ഥർ മാറ്റിയത് സംബന്ധിച്ച ഏതെങ്കിലും പരാതിയോ ഇന്റലിജൻസ് റിപ്പോർട്ടോ ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ വിവരവും ഇവർക്കെതിരെ വകുപ്പ് തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും വെളിപ്പെടുത്തുമോ ;

(ഇ) നടപടി സ്വീകരിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പ്രകാരം കൊല്ലം ജില്ലയിൽ 386 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരം അനുബന്ധം-എ ആയി ചേർത്തിട്ടുണ്ട്.

(ബി) ചവറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1166/2014 പ്രകാരം രജിസ്റ്റർ ചെയ്ത തൊണ്ടിമുതലുകളുടെ വിശദവിവരം അനുബന്ധം-ബി ആയി ചേർത്തിട്ടുണ്ട്.*

(സി-ഇ) പരാതി ലഭിച്ചിട്ടില്ല. ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

കർഷകരുടെ തോക്ക് ലൈസൻസുകൾ

218 (3852)ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരുടെ തോക്ക് ലൈസൻസുകൾ പുതുക്കി കൊടുക്കാത്ത നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പന്നി ഉൾപ്പെടെയുള്ള മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് വ്യാപകമായ സാഹചര്യത്തിൽ കൃഷിക്കാരുടെ ലൈസൻസുകൾ പുതുക്കി നൽകുവാൻ തയ്യാറാവുമോ ;

(സി) തോക്കുകളുടെ ലൈസൻസ് പുതുക്കി നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിന്റെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) അന്വേഷണ ഉദ്യോഗസ്ഥരുടെ വ്യക്തമായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്ത് കന്നുകാലി/വിള സംരക്ഷണത്തിനുള്ള ഫോം നമ്പർ V-ലെ ആയുധ ലൈസൻസുകൾ അനുവദിക്കുകയും പുതുക്കി നൽകുകയും ചെയ്തുവരുന്നു.

(സി) ഇല്ല.

കൊയിലാണ്ടി കോടതിയുടെ പുതിയ കെട്ടിട നിർമ്മാണം

219 (3853)ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി കോടതിയുടെ പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴയ കെട്ടിടം പൊളിക്കാനുള്ള തുടർ നടപടികൾ അംഗീകരിക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന ആഭ്യന്തര വകുപ്പിന് സമർപ്പിച്ച അപേക്ഷയിൽ കൈക്കൊണ്ട തുടർ നടപടികൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.